കീഴിൽ ഒന്നര മാസമായി ലൈറ്റില്ല. വല്ലപ്പോഴും ഒന്ന് മിന്നും. കത്തിയാൽ അടുത്ത നിമിഷം എല്ലാ ട്യൂബും പോകും അതുപോലെ തന്നെ എല്ലാ വീടുകളിലെ ഫ്യൂസും പോകും. ഫ്യൂസ് പോകുന്നത് നന്നാക്കുന്നതിനോ പകൽ റോഡിൽ ലൈറ്റ് കത്തിക്കിടക്കുന്നത് അണക്കാനോ ഉദ്യോഗസ്ഥന്മാരില്ല. ഇവിടത്തെ പണികളെല്ലാം ഇപ്പോൾ ഒരു വെളിച്ചപ്പാടിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ തൊട്ടുമുകളിൽ പറഞ്ഞ കാര്യത്തെക്കുറിച്ചും അപ്രഖ്യാപിത പവർകട്ടിനെക്കുറിച്ചും അന്വേഷിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, അപ്രഖ്യാപിത പവർകട്ട് ഇല്ല. എവിടെ എങ്കിലും ഡിസ്റപ്ഷനുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈലാണ് എന്റെ കൈവശമുള്ളത്. ഏത് എം. എൽ. എ. ക്കും ഏത് സമയത്തും വിളിക്കാം.. അത് ഓഫാക്കി വയ്ക്കുന്ന പരിപാടിയില്ല. ഏതെങ്കിലുമൊരു സ്ഥലത്ത് പ്രശ്നമുണ്ടെന്ന് ഇപ്പോൾ നിങ്ങൾ പറഞ്ഞാൽ വൈകുന്നേരമാകുമ്പോഴേക്കും പ്രശ്നം പരിഹരിച്ചുതരാം. അല്ലാതെ ഈ കാട് അടക്കി വെടിവയ്ക്കുന്നതിൽ അർത്ഥമില്ല

ഗ്രൂപ്പ് ഫാമിംഗിന് പ്രോത്സാഹനം

2 (*422) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. ഹംസ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പാടശേഖര സമിതികളുടെ സഹായത്തോടെ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് കൃഷിവകുപ്പ് പ്രോത്സാഹനം നൽകുമോ ; ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത് ;

(ഡി) ഉൽപ്പാദന മികവ് കാട്ടുന്ന പാടശേഖരങ്ങളിലെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ,

(എ) നെൽകൃഷിക്ക് സുപ്രധാന സ്ഥാനമാണ് കാർഷിക പരിപാടികളിൽ നല്കിയിട്ടുള്ളത്. ഇതിനായി വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു.

വിവിധ പദ്ധതികളിലായി 158 കോടി രൂപയാണ് ഈ വർഷം നെൽകൃഷിക്ക് മാറ്റിവച്ചിട്ടുള്ളത്. ഇതുവരെയുള്ളതിൽ വച്ച് വർദ്ധിച്ച ഒരു തുകയാണിത്. നമ്മൾ ഏറ്റെടുത്തതിൽ വച്ച് ഏറ്റവും വലിയൊരു ജനകീയ പദ്ധതിയാണ് നെൽകൃഷി മേഖലയിൽ ഈ വർഷം നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവയിൽ ഏറ്റവും പ്രധാനം നെൽകൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്ത തരിശുനെൽകൃഷിയും കരകൃഷിയുമാണ്. 31,840 ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി. കരകൃഷിയുടെ ഈ വർഷത്തെ ലക്ഷ്യം 12,000 ഹെക്ടറാണ്. ഒരുപൂ ഇരുപ്പൂവാക്കുകയും ഇരുപ്പൂ മുപ്പൂവാക്കുകയും ചെയ്തതിലൂടെ 3,172 ഹെക്ടർ അധിക സ്ഥലത്തും കൃഷിയിറക്കി. തരിശുനില നെൽകൃഷിക്ക് ഹെക്ടറിന് 12,000 രൂപയുടെ സഹായം നൽകും. കരനെൽകൃഷിക്ക് ഹെക്ടറിന് 5,000 രൂപയുടെ സഹായധനം ഉണ്ട്. നിലവിലുള്ള ഉൽപ്പാദനത്തേക്കാൾ ഹെക്ടറിന് 500 കിലോഗ്രാമെങ്കിലും അധിക ഉല്പാദനക്ഷമത കൈവരിക്കുന്ന പാടശേഖരങ്ങൾക്ക് ഹെക്ടറിന് 6,500 രൂപയുടെ സഹായം ലഭിക്കും. ഇത് ആദ്യമായി 50,000 ഹെക്ടറിൽ നടപ്പാക്കുന്നതാണ്. ഹെക്ടർ ഒന്നിന് 1,500 രൂപ ധനസഹായത്തോടെ 1,66,667 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായവും നടപ്പാക്കുന്നുണ്ട്.

അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ ലഭ്യമാക്കുക, പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുക, സംയോജിത രോഗകീട നിയന്ത്രണം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കുമ്മായ വസ്തുക്കളുടെ വിതരണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, കർഷക പരിശീലനം, മിനി കിറ്റ് വിതരണം തുടങ്ങി വിവിധ പദ്ധതികൾക്കായി 681.69 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

നെൽകൃഷി മേഖലയുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള പദ്ധതികൾക്കായി വികസന ഏജൻസികൾക്ക് 150 ലക്ഷം രൂപയുടെ സഹായം നല്കുന്നു.

രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിലെ നെല്ലുസംഭരണം, നെൽകർഷകർക്കുള്ള പെൻഷൻ പദ്ധതി, പലിശരഹിത വായ്പ, ഗ്രീൻകാർഡ് വിതരണം, യന്ത്രവൽകരണം, നെല്ലിനോടൊപ്പം മത്സ്യം വളർത്തൽ, നെൽകർഷകർക്ക് പശുക്കളെ നൽകൽ, റൈസ് മില്ലുകളുടെ സ്ഥാപനം, പാഡിബോർഡ് രൂപീകരണം തുടങ്ങിയവയും പ്രധാന നടപടികളാണ്.

750 ഹെക്ടറിൽ വനിതാ ഗ്രൂപ്പുകളെ കൊണ്ടുള്ള നെൽകൃഷി ഒരു പുതിയ പ്രവർത്തനമാണ്. ഇതിന് ഹെക്ടർ ഒന്നിന് 10,000 രൂപ സഹായധനം നൽകും. 50 സെന്റ് വീതമുള്ള 450 യൂണിറ്റുകളിൽ വനിതാ ഗ്രൂപ്പുകൾ വഴിയുള്ള ഞാറ്റടികൾക്കും പദ്ധതിയുണ്ട്. ഒരു യൂണിറ്റിന് 5,000 രൂപ സഹായം ലഭിക്കും.

ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു റൈസ് മിഷനും കൃഷിനാശങ്ങൾക്ക് അടിയന്തര സഹായം നൽകാൻ ഒരു ക്രൈസിസ് മാനേജ്മെന്റ് സെല്ലും രൂപീകരിച്ചു. ഈ വർഷം സംസ്ഥാനത്തെ മുഴുവൻ നെൽകൃഷിയും സർക്കാർ ചെലവിൽ ഇൻഷ്വർ ചെയ്യും.

(ബി) പാടശേഖര സമിതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രസ്തുത സമിതികൾ വഴി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനുമായി സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പാടശേഖരസമിതികളുടെ പുനരുദ്ധാരണവും ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷി രീതികളായ പൊതു ഞാറ്റടി തയ്യാറാക്കൽ, സംയോജിത വള പ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജല പരിപാലനം, പാട ശേഖരങ്ങളുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനം തുടങ്ങി കൃഷിച്ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സഹായകരമായ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നു.

(സി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പ്രോജക്ടുകളുടെ ഭാഗ മായി പ്രമുഖ നെൽകൃഷി മേഖലകളിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായം നല്കുന്നു. കേന്ദ്ര നെൽകൃഷി വികസന പദ്ധതി, ആർ. കെ. വി. വൈ. പദ്ധതി എന്നിവയ്ക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി ഫണ്ട് അനുവദിച്ചുവരുന്നു.

(ഡി) 'എ' പിരിവിന്റെ ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഭക്ഷ്യ സുരക്ഷാ മിഷനിൽ തൃശൂർ-പൊന്നാനി നെൽകൃഷി മേഖലയെ ഉൾപ്പെടുത്താത്ത കേന്ദ്ര സർക്കാരിന്റെ നടപടിയിൽ പൊതുവെ കൃഷിക്കാർ വളരെ അസംതൃപ്തരാണ്. സംസ്ഥാന സർക്കാർ നെൽകൃഷി മേഖലയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി തൃശൂർ-പൊന്നാനി കോൾ മേഖലയുടെ ഒരു സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ എന്തൊക്കെ യാണെന്ന് വിശദീകരിക്കാമോ; അത് എപ്പോൾ നടപ്പാക്കാൻ സാധിക്കും ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, തൃശൂർ-പൊന്നാനി മേഖല ഉൾപ്പെടുന്ന സംയുക്ത പാടശേഖരം നമ്മുടെ കേന്ദ്ര ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കേരളം നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുക യാണ്. ഇതുവരെ അനുവദിക്കപ്പെട്ടിട്ടില്ല. ഇനിയും ആ ആവശ്യം ഉന്നയിക്കും. തൃശൂരും പൊന്നാനിയും ഉൾപ്പെട്ട വിശാലമായ പാടശേഖരങ്ങളെ അതിന്റെ അടിസ്ഥാന സൗകര്യ വികസനം, അവിടത്തെ ജലപരിപാലനം, പാരിസ്ഥിതിക സംരക്ഷണം ഇവയെല്ലാം ഉൾപ്പെടുത്തി ഒരു പ്രോജക്ട് ഗവൺമെന്റ് തയ്യാറാ ക്കിവരികയാണ്. കാർഷിക യൂണിവേഴ്സിറ്റിയും, ഗവൺമെന്റും, ഗവേഷണ സ്ഥാപനങ്ങളും ചേർന്ന് തയ്യാറാക്കിയ പ്രോജക്ടിന്റെ പ്രസന്റേഷൻ ഈ മാസം 26-ാം തീയതി ഇവിടെത്തന്നെ നടക്കുന്നുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, യൂറോപ്പിൽ ഒരു രാജ്യത്ത് ഭൂമി തരിശിട്ടാൽ തരിശിട്ട കർഷകർക്കെതിരെ പിഴ ചുമത്താൻ നടപടിയുണ്ടെന്നുള്ളത് സമീപ ദിവസങ്ങളിലെ പത്രവാർത്തയിൽ കാണുകയുണ്ടായി. കേരള സംസ്ഥാനത്തെ തരിശുരഹിത സംസ്ഥാനമാക്കി മാറ്റാൻ നെൽകൃഷിക്ക് സർക്കാർ സമൃദ്ധിയായി ആനുകൂല്യങ്ങൾ നൽകുന്ന ഈ കാലഘട്ടത്തിൽ അങ്ങനെ തരിശിടുന്നവർ കൃഷിക്കാരല്ല, ആ കൃഷി ഭൂമി കൈവശപ്പെടുത്തിയ മറ്റ് പലരാണ്. ഇത്തരക്കാർക്കെതിരെ കർക്കശമായ നടപടിയെടുക്കാനാവശ്യ മായ എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഭക്ഷ്യ സുരക്ഷിതമല്ലാത്ത അവസ്ഥയിലേക്ക് പോകുന്നതുകൊണ്ട് പല രാജ്യങ്ങളും ഭൂമി തരിശിടുന്നത് സ്വാഭാവികമായും പലതരത്തിൽ ചെറുക്കാനും നിരോധിക്കാനും കൃഷിചെയ്യാനും ശ്രമിക്കുന്നുണ്ട്. കേരളത്തിലും അങ്ങനെ മനപ്പൂർവ്വമായി തരിശിടുന്ന സംവിധാനത്തെ ഇല്ലാതാക്കുന്നതിന് നിയമ വകുപ്പും റവന്യൂ വകുപ്പുമൊക്കെയായിച്ചേർന്ന് തീർച്ചയായിട്ടും ഒരു ആലോചന നടത്തുന്നതാണ്.

ശ്രീ. എം. ഹംസ : സർ, കാർഷിക മേഖലയുടെ മുന്നേറ്റത്തിന്റെ നാല് കൊല്ലമാണ് ഇത്. നെല്ലുൽപ്പാദന രംഗത്തുണ്ടായിട്ടുള്ള വർദ്ധനവിന് സഹായകരമായ രൂപത്തിൽ നെല്ലിൽ നിന്നും തവിടിൽ നിന്നുമെല്ലാം ബൈപ്രോഡക്ടുകൾ ഉല്പാദിപ്പിച്ച് അതിൽനിന്നും ഒരുപാട് രാസപദാർത്ഥങ്ങളും മറ്റും ഉണ്ടാക്കി അതിൽ നിന്നും വലിയ വരുമാനമുണ്ടാക്കാൻ കഴിയാവുന്ന രൂപത്തിലുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ; മറ്റൊന്ന്, നെല്ലിന്റെ തറ വില 15 രൂപയാക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, തവിട് എണ്ണ എന്ന മൂല്യവർദ്ധിത ഉൽപ്പന്നം ഇപ്പോൾത്തന്നെ കേരളത്തിൽ പ്രൈവറ്റ് മേഖലയിൽ പ്രത്യേകിച്ച് കാലടിയിൽ മിൽ ഉൽപ്പാദകരുടെ സംഘടന ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ മറ്റ് പല ഉൽപ്പന്നങ്ങളും ഇതിൽനിന്ന് ഉണ്ടാക്കാനുള്ള ടെക്നോളജി ലോകത്ത് പല സ്ഥലങ്ങളിലും രൂപപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം ഗവൺമെന്റ് വളരെ പോസിറ്റീവായി ആലോചിക്കുന്നതാണ്. രണ്ടാമത്തെ കാര്യം, നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ എന്തായിരുന്നാലും സംഭരണ വില വർദ്ധിപ്പിക്കും. അത് ഈ അളവിൽ ആകാമോ എന്നുള്ളത് ഗവൺമെന്റ് പരിശോധിക്കും. പക്ഷേ എന്തായാലും സംഭരണ വില വർദ്ധിപ്പിക്കും.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, നെൽകൃഷിക്കും മറ്റു കൃഷിക്കുമെല്ലാം ഇത്രയേറെ പ്രാധാന്യം കൊടുത്ത ഒരു ഗവൺമെന്റ് ഉണ്ടായിട്ടില്ല. കഴിഞ്ഞ നാല് വർഷം കൊണ്ട് ഉൽപ്പാദനത്തിലും കൃഷി ഇടങ്ങളിലും ഒരു പാട് വർദ്ധനവുണ്ടായിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് നല്ല നിലക്ക് തന്നെയാണ് മുന്നോട്ടുപോകുന്നത്. നെൽപ്പാടങ്ങളുടെ സ്വഭാവമനുസരിച്ച് രണ്ടാം വിളയായോ മൂന്നാം വിളയായോ ഗ്രൂപ്പായിത്തന്നെ പച്ചക്കറി കൃഷി ചെയ്യുന്നതിനും നമ്മുടെ സംസ്ഥാനത്തുള്ള എഴുപത് ലക്ഷത്തോളം വരുന്ന കുടുംബങ്ങളിൽ, പകുതി കുടുംബങ്ങളിലെങ്കിലും അടുക്കള തോട്ടങ്ങളോ ചെറുകിട പച്ചക്കറി തോട്ടങ്ങളോ ഉണ്ടാക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വല്ലതും ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നെല്ലുപോലെ തന്നെ വളരെ പ്രധാനമാണ് പച്ചക്കറി കൃഷി മേഖലയും. അതും കേരളത്തിൽ വികസിച്ചു വരുന്ന മുന്നോട്ടു പോകുന്ന ഒരു മേഖല

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലും എം.എൽ.എ.-യുടെ വീട്ടിന്റെ മുകളിൽ ഉൾപ്പെടെ പച്ചക്കറി കൃഷി സാധ്യമായ അളവിൽ അത് മോഡലായിത്തന്നെ വളർന്നുവരുന്നുണ്ട്. നെൽകൃഷി ചെയ്യുന്ന മേഖലകളിൽ രണ്ടാം കൃഷിയായി നെൽകൃഷി ചെയ്യുമെന്ന് ഉറപ്പാക്കിക്കൊണ്ട് ഒരു വിള പച്ചക്കറി കൃഷി ചെയ്താൽ അതിന് ഗവൺമെന്റ് സഹായം നൽകിവരുന്നുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങ് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിന് ശേഷം നെല്ലുല്പ്പാദനത്തിലും പച്ചക്കറി ഉല്പ്പാദനത്തിലും ഗണ്യമായ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.....(തടസ്സം).....കൂടിയതിന്റെ കാര്യം പറഞ്ഞാൽ മതിയല്ലോ, കുറവിന്റെ കാര്യം പറയാനാണല്ലോ നിങ്ങളെ ചുമതലപ്പെടുത്തി അവിടെ ഇരുത്തിയിരിക്കുന്നത്.....പാടശേഖര സമിതികൾ വഴി ഗ്രൂപ്പ് ഫാമിംഗ് നടത്തുന്നുണ്ടോ; അതുപോലെ തന്നെ കുടുംബശ്രീകളും ഈ രംഗത്ത് സജീവമായി ഇടപെട്ട് കൃഷി ചെയ്യുന്നുണ്ട്. ഇതിൽ കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി കൃഷി ചെയ്യുന്നതിന് ചില തടസ്സങ്ങൾ, അതിന്റെ രേഖകൾ ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട്, ഭൂ ഉടമ കൊടുക്കുന്ന രേഖകൾ സംബന്ധിച്ചെല്ലാം പ്രത്യേകമായ ഒരുപാട് നിഷ്കർഷതകൾ ഉണ്ടാകുന്നുണ്ട്. ഇത് കുടുംബശ്രീ യൂണിറ്റുകൾക്ക് കൃഷി ചെയ്യുന്നതിന് തടസ്സമായി വരുന്നുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കുടുംബശ്രീക്ക് കൃഷി ചെയ്യുന്നതിനാവശ്യയിട്ടുള്ള പ്രോത്സാഹനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; അതോടൊപ്പം തന്നെ തരിശ് ഉള്ളിടങ്ങളിൽ കൃഷി ചെയ്യുമ്പോൾ നൽകുന്ന ആനുകൂല്യവും അതുപോലത്തന്നെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ആനുകൂല്യം പറയുന്നുണ്ട് ഇതെല്ലാം ഈ കുടുംബശ്രീക്ക് കൂടി കൊടുക്കാനും പ്രത്യേകിച്ച് പൊക്കാളി അടക്കം കൃഷി ചെയ്യുന്ന മേഖലക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഈ വർഷം നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയുമായി ബന്ധപ്പെട്ട് 5 ഏക്കർ വരെയുള്ള കൃഷി പ്രൈവറ്റ് മേഖലയിൽ പോലും നടത്തുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗിക്കാമെന്ന് വന്നിട്ടുണ്ട്, അത് വളരെ ഉപകാരപ്രദമായ ഒരു കാര്യമാണ്. കുടുംബശ്രീ കൃഷി ചെയ്യുന്നിടത്ത് കൃഷി വകുപ്പ് നടപ്പാക്കുന്ന എല്ലാ ആനുകൂല്യങ്ങളും കുടുംബശ്രീ കൂട്ടായിട്ട് ചെയ്യുന്ന കൃഷിക്ക് കൂടി നൽകുന്നതാണ്. അതിനെന്തെങ്കിലും തടസ്സങ്ങളോ മറ്റ് കാര്യങ്ങളോ ഉണ്ടെങ്കിൽ അത് എൽ.എസ്.ജി.ഡി. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ആലോചിച്ച് പരിഹരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പാടശേഖരങ്ങൾ ചെറിയ ചെറിയ കഷ്ണങ്ങളായി വിഭജിക്കപ്പെട്ടതുകൊണ്ടും ഫ്രാഗ്മെന്റേഷൻ വന്നതുകൊണ്ടുമാണ് നമുക്ക് സംയോജിതമായ രീതിയിൽ നെൽകൃഷി വികസനം നടത്താൻ പറ്റാതെ പോയത്. ഗ്രൂപ്പ് ഫാമിംഗ് അതിനുള്ള മറുപടിയാണ്. അത് ഉല്പ്പാദനശേഷിയുള്ള വിത്തുകൾ, വെള്ളത്തിന്റെ ലഭ്യത, കൃത്യമായ കയറ്റിറക്ക്, കീടനാശിനി ഉപയോഗിക്കുന്നതിനുള്ള സംയോജിത പരിപാടി, ആധുനിക കൃഷി സങ്കേതങ്ങളെ കുറിച്ചുള്ള വിവരങ്ങൾ കൈമാറൽ ; ഇതിനെക്കാൾ

ആധുനികമായ രീതിയിൽ ഈ ഗ്രൂപ്പ് ഫാമിംഗ് നടത്തുന്ന കർഷകർക്ക് വിവരങ്ങൾ കൈമാറാനുള്ള ഏത് ഏജൻസിയാണ് ഇന്ന് സംസ്ഥാനത്തുള്ളത്; ആന്ധ്രയും തമിഴ്നാടും ഉൾപ്പെടെ നെൽകൃഷിക്ക് വലിയ വികസനമുണ്ടായിട്ടുള്ള സംസ്ഥാനങ്ങളിൽ അവിടെയുള്ള യൂണിവേഴ്സിറ്റികളെയും പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാടികളാണ് നടത്തുന്നത്. ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ അത്തരം ഗവേഷണ സ്ഥാപനങ്ങൾ നല്ല നിലവാരം പുലർത്തുന്നില്ല, അല്ലെങ്കിൽ അവർ വേറെ കൃഷിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള ഇത്തരം ഏജൻസികളുടെ Technical knowhow, അത് update ചെയ്തുകൊണ്ടുള്ള എന്തെങ്കിലും സംവിധാനമോ ഒരു പുതിയ ഏജൻസിയോ അല്ലെങ്കിൽ ഒരു സംയോജിത ഏജൻസിയോ കേരളത്തിൽ കൊണ്ടുവരുന്ന കാര്യം അങ്ങ് ശ്രദ്ധിക്കുമോ ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, കാർഷിക യൂണിവേഴ്സിറ്റിയും ഡിപ്പാർട്ടുമെന്റും ചേർന്ന് മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ് ഇത്തരം എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ മുഴുവൻ നടത്തുന്നത്. പരിശീലന പരിപാടികൾ ഇപ്പോൾ നിരന്തരം നടത്തുന്നത് ആത്മ എന്ന കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള സ്കീമിലാണ്. ആ സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിൽ എല്ലാ പാടശേഖര സമിതികൾക്കുമുള്ള പരിശീലന പരിപാടി കേരളത്തിൽ വ്യാപകമായി നടപ്പാക്കപ്പെടുന്നുണ്ട് ഇതിൽ ഏതെങ്കിലും കുറവുകളുണ്ടെങ്കിൽ ആ കുറവുകൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ഗ്രൂപ്പ് ഫാമിംഗ് എത്ര ഹെക്ടർ സ്ഥലത്ത് നടപ്പാക്കാൻ സാധിച്ചു; 1996-ലെ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി. വി. രാഘവൻ കൃഷി മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയ ആശയ രീതിയാണിത്, അന്ന് നടപ്പാക്കിയ ഗ്രൂപ്പ് ഫാമിംഗ് പ്രദേശങ്ങൾ ഇപ്പോൾ അതിൽ ഉൾപ്പെടാതെ കിടക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കാർഷികോൽപ്പാദന രംഗത്ത് ഒരു പുരോഗതി ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2.8 ശതമാനം വളർച്ചയുണ്ടായി, ഇന്ത്യയാണെങ്കിൽ നെഗറ്റീവ് ആയി താഴോട്ട് പോയി. എത്ര ഹെക്ടർ സ്ഥലത്താണ് കൂടുതൽ നെൽ കൃഷി ആരംഭിച്ചത് ; എത്ര ടൺ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിച്ചു ; നേരത്തെ ഗ്രൂപ്പ് ഫാമിംഗ് നടത്തിയിരുന്ന സ്ഥലങ്ങളിൽ അത് ഇപ്പോൾ മുടങ്ങി കിടക്കുന്നിടത്ത് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ഗ്രൂപ്പ് ഫാമിംഗ് 1,66,000 ഹെക്ടറിലാണ് ഇപ്പോൾ നിലവിലുള്ളത്. കര പ്രദേശത്ത് ചിതറിക്കിടക്കുന്ന, അര ഏക്കർ, ഒരേക്കർ, രണ്ട് ഏക്കർ, മൂന്ന് ഏക്കർ പാടങ്ങളിലാണ് ഗ്രൂപ്പ് ഫാമിംഗിന് വിഷമമുള്ളത്, എന്നാൽ ഇത്തവണ ഈ സംയുക്ത വിളപരിപാലനത്തിന്റെ ഭാഗമായി മൂന്നോ-നാലോ കർഷകരാണെങ്കിലും അവരെ കൂടി ഗ്രൂപ്പ് ഫാമിംഗിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിന് ശേഷം 31,000 ഹെക്ടറിലാണ് അധികമായി കൃഷി ചെയ്തിട്ടുള്ളത്. 1,11,000 ടൺ നെല്ലാണ് അധികമായി ഉല്പാദിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇത്ര അടുത്തിരുന്നിട്ട് അതൊക്കെ ഇടയ്ക്ക് പറഞ്ഞുകൊടുക്കണ്ടേ.....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഗ്രൂപ്പ് ഫാമിംഗ് വന്ന കാലംതൊട്ട് സംയുക്തമായി കൃഷി നടക്കുന്ന മേഖലയാണ് പൊക്കാളി മേഖല, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലാണ് അതുള്ളത്. ഏറ്റവും നല്ല ജൈവ കൃഷിയാണ് അവർ ചെയ്യുന്നത്, ആ നെല്ലിന് നല്ല വിലയും ഉണ്ട്, ഇനിയും അതിന് സ്കോപ്പും ഉണ്ട്; അവർക്ക് അതിന് വേണ്ടിയിട്ടുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ്. അതിന് വേണ്ടി ഒരു ഏജൻസി ഉണ്ടാക്കിയിരുന്നു പൊക്കാളി വികസന ഏജൻസി. പക്ഷേ അതിന്റെ പ്രവർത്തനം ഫലപ്രദമല്ല എന്നാണ് ഇപ്പോൾ അറിയുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള കർഷകരെ സഹായിക്കാൻ അവർക്ക് പുറം ചിറകളും, വെള്ളം അടിച്ച് മാറ്റാൻ പമ്പുകളും കൊടുക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിൽ ജൈവ കൃഷി രീതിയിൽ നടപ്പാക്കുന്ന ഒരു കൃഷിയാണ് പൊക്കാളി നെൽകൃഷി. മത്സ്യം കൂടി കൃഷി ചെയ്യുന്നുവെങ്കിൽ അത് അങ്ങനെ മാത്രമേ നടപ്പാക്കാനും പറ്റുകയുള്ളൂ. ഒരു മത്സ്യവും ഒരു നെല്ലും പദ്ധതി പൊക്കാളി പാടങ്ങളിലാണ് നടപ്പാക്കുന്നത്. ആ നെല്ലിന് ഒരുപാട് മെഡിസിനൽ കണ്ടന്റ് ഉണ്ട്. അതിന് വില കൂടുതലുമാണ്. അവിടെ ചില ബുദ്ധിമുട്ടുകൾ, വെള്ളത്തിലാണ് അത് വളരുന്നത്, കതിർ ഒരുപാട് ഉയർന്നുവരുന്നതുകൊണ്ട് അതിന് ഉല്പാദനക്ഷമത കുറവുമാണ്, അതുകൊണ്ട് അതിന് പ്രത്യേക സംരക്ഷണവും വേണം. ഈ വർഷം അത്തരം സംരക്ഷണത്തിന്, പ്രത്യേകിച്ച് ഒരു മില്ല് കൂടി അവർക്ക് തുടങ്ങാനും അവർക്ക് തന്നെ കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ സംഭരിച്ച് പ്രോസസ് ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനത്തിനുംകൂടി 1,89,00,000 രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. സദാശിവൻ: സർ, 15,000 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കി മാറ്റാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. കുട്ടനാട്ടിലെ റാണി ചിത്തിര കായൽ, ഏതാണ്ട് 12,000 ഹെക്ടർ വരുന്ന കായൽ നിലം പതിറ്റാണ്ടുകളായി കൃഷി ചെയ്യാനാകാതെ ബണ്ടെല്ലാം പൊട്ടി വെള്ളം മൂടി കിടക്കുകയാണ്. അത് വേമ്പനാട് കായലിൽ ലയിച്ച് ചേർന്നുകൊണ്ടിരിക്കുകയാണ്. മുരുക്കന്റെ കായലായിരുന്നത് മിച്ചഭൂമിയായി ഏറ്റെടുത്ത് അത് വിതരണം ചെയ്തപ്പോൾ ഒരേക്കർ 90 സെന്റ് വച്ചാണ് കൊടുത്തത്. വേമ്പനാട് കായലിന്റെ നടുവിൽ സ്ഥിതി ചെയ്യുന്ന ഈ കായലിൽ പോയി പാവപ്പെട്ട കൃഷിക്കാർക്ക് കൃഷി ചെയ്യാൻ പറ്റില്ല. അതുകൊണ്ടാണ് ബണ്ട് തകർന്ന് വെള്ളം മൂടി കിടക്കുന്നതും. ഇത് വീണ്ടെടുത്ത് ഗ്രൂപ്പ് ഫാമിംഗ് സിസ്റ്റം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഡോ. സ്വാമിനാഥൻ പാക്കേജിലെ ഒരു പ്രധാനപ്പെട്ട കായൽ പ്രദേശമാണിത്. അതിന് വേണ്ടി ഇറിഗേഷൻ വകുപ്പ് ഒരു പ്രോജക്ട് തയ്യാറാക്കുകയും സംസ്ഥാന ഗവൺമെന്റ് അത് ബഡ്ജറ്റിൽ തന്നെ അംഗീകരിക്കുകയും അതിന്റെ എ.സ്.-ഉം ടി.എസ്.-ഉം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയും ചെയ്തിട്ടുണ്ട്, എനിക്ക് തോന്നുന്നു ടെന്റർ നടപടികൾ തന്നെ പൂർത്തിയായി വരികയാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, പച്ചക്കറിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയാണ് നമുക്കുള്ളത്. തമിഴ്നാട്ടിലെ ധർമ്മപുരി പോലുള്ള ജില്ലകളിൽ പ്രിസിഷൻ ഫാമിംഗ് സമ്പ്രദായത്തിലൂടെ പച്ചക്കറി കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടുള്ള സമ്പ്രദായം നടപ്പിലാക്കുന്നുണ്ട്, നമ്മുടെ കേരളത്തിൽ അത് ചെയ്ത് കാണുന്നില്ല. കേന്ദ്രത്തിന്റെ പോളിഹൗസ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം പലപ്പോഴും തിരിച്ചടയ്ക്കുകയാണ് നമ്മൾ ചെയ്യുന്നത്. ചിറ്റൂരിൽ മാത്രമാണ് പൈലറ്റ് അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കി വരുന്നത്. ക്ലസ്റ്റർ സംവിധാനത്തിലൂടെ തന്നെ നമുക്ക് ആവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കാൻ വേണ്ടിയുള്ള ശക്തമായ നടപടികൾ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ പദ്ധതികളിലെല്ലാം തന്നെ 50 ശതമാനമാണ് സബ്സിഡിയുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ വലിയ കർഷകരായതുകൊണ്ടും അവിടത്തെ കാലാവസ്ഥ വളരെ പ്രതികൂലമായതുകൊണ്ടും ഇത്തരം സാദ്ധ്യതകൾക്ക് മുന്നോട്ട് വരുന്ന കർഷകർ ധാരാളമാണ്. 50 ശതമാനം സബ്സിഡി എന്ന് പറയുന്നത് കേരളത്തിലെ സാധാരണ കർഷകർക്ക് ഒട്ടും ആകർഷകമല്ല. അതുകൊണ്ട് സബ്സിഡി തുക കുറച്ചുകൂടി വർദ്ധിപ്പിക്കണം. ചിറ്റൂർ മേഖലയിലാണ് ഒന്ന്-രണ്ടെണ്ണം ഉള്ളത് മറ്റ് ചിലയിടത്ത് പ്രൈവറ്റ് മേഖലയിൽ വളരെ ചെറിയ നഴ്സറികളാണ് ഉള്ളത്. പൊതുമേഖലയിൽ നമ്മുടെ ഫാമുകളിൽ, യൂണിവേഴ്സിറ്റിയുടേയും ഗവൺമെന്റിന്റേയും ഫാമുകളിൽ സൃഷ്ടിക്കാം, അതൊരു മോഡലാക്കി കർഷകരിൽ താൽപ്പര്യം ഉയർത്താൻ ശ്രമിക്കാം. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, ഈ സബ്സിഡി തുക വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് അത് കൂടി വർദ്ധിപ്പിച്ച് കിട്ടിയാൽ ഇത് കുറച്ചുകൂടി പ്രദേശത്ത് വ്യാപിപ്പിക്കാം.

ശ്രീ. പി. തിലോത്തമൻ : സർ, നെല്ലുല്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയുന്ന നിരവധി പദ്ധതികളാണ് ഇത്തവണ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് കര നെൽകൃഷി. എന്റെ മണ്ഡലത്തിൽ ഈ പദ്ധതിപ്രകാരം 110 ഹെക്ടർ വരെ കൃഷി ചെയ്ത പഞ്ചായത്തുകളുണ്ട്. ഇത്തവണ ഈ പദ്ധതി ഏറ്റെടുത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്ത പഞ്ചായത്തുകളെ പ്രത്യേകമായി പരിഗണിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, നെൽകൃഷി മേഖലയിൽ തരിശില്ലാതെ ഏറ്റവും നന്നായി മുൻപോട്ട് പോകുന്ന പഞ്ചായത്തുകളെ പ്രത്യേകമായി അഭിനന്ദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ പഞ്ചായത്ത് ചേർത്തല തെക്ക് പഞ്ചായത്താണ്. ആ പഞ്ചായത്തിലെ എല്ലാ വീടുകളിലും കര നെൽകൃഷി ചെയ്തിട്ടുണ്ട്, അതൊരു മോഡലാണ്, എല്ലാ വീടുകളിലും ചെയ്തതുകൊണ്ടാണ് അവിടെ 120 ഹെക്ടറിലധികം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തരിശ് പാടശേഖരങ്ങളിൽ നന്നായി കൃഷി ചെയ്യുന്നുണ്ട്. എന്റെ മണ്ഡലത്തിൽ ഞാറുനടീൽ ഉത്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. 110 ഏക്കറിൽ നെൽക്കൃഷിയും മറ്റ് പച്ചക്കറിയുമുണ്ട്. എന്താണ് പ്രശ്നമെന്ന് പറഞ്ഞാൽ, അത് കൊയ്യാൻ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തണമെന്ന് പറഞ്ഞ് ഞാൻ ഒരു നിവേദനം കൊടുത്തു. സർക്കാരിന് കൊടുക്കാതെ അനുമതി തരില്ല. എനിക്ക് പറയാനുള്ളത് നെൽക്കൃഷി ചെയ്യാൻ ഇപ്പോൾ ട്രില്ലറും ബാക്കിയെല്ലാം ഉപയോഗിക്കുന്നുണ്ട്. എന്നാൽ കൊയ്യുന്ന കാര്യം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്താൻ സർക്കാർ തയ്യറാകുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇത് സർക്കാരിന്റെ പ്രശ്നമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ അതിന് അംഗീകാരം കിട്ടിയിട്ടില്ല. കാരണം ഇത് വ്യക്തികൾ എടുത്ത് വ്യക്തികൾതന്നെ അനുഭവിക്കുന്നതാണ്. പക്ഷേ നമുക്ക് ഓരോ പഞ്ചായത്തിലും ചില മേഖലയിൽ പ്രത്യേകിച്ച് നെൽക്കൃഷി കൂടുതലുള്ള പഞ്ചായത്തിൽ ലേബർ ബാങ്ക് സിസ്റ്റംപോലെ കൊണ്ടുവന്ന് അതിന് പഞ്ചായത്തും പാടശേഖര സമിതിയും ഗവൺമെന്റുമെല്ലാം ചേർന്ന് ഒരു സംവിധാനമുണ്ടാക്കി ഇതിന് ഒരു പരിഹാരം കാണാവുന്നതേയുള്ളൂ.

ശ്രീ. ജോർജ് മേഴ്സിയർ : സർ, പണ്ടലക്കരി, മാങ്കിളിക്കരി, പുഞ്ചക്കരി തുടങ്ങിയ അനവധി പാടശേഖരങ്ങളുണ്ട്. ഈ പാടശേഖരങ്ങൾക്കെല്ലാം പാടശേഖര സമിതികളുമുണ്ട്. പക്ഷേ ഒരു പാടശേഖര സമിതിപോലും നേരാംവണ്ണം പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ്. ഇവയുടെ കൺവീനർ ആർ.ഡി.ഒ. ആണ്. ഈ കഴിഞ്ഞ നാലുവർഷക്കാലത്തിനിടയ്ക്ക് പല തവണ ഈ പാടശേഖര സമിതികൾ വിളിച്ചുകൂട്ടി അവയുടെ പ്രവർത്തനം പുരോഗമിപ്പിക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഒരിക്കൽപ്പോലും ഈ സമിതികൾ കൂടിയിട്ടില്ല. ഈ സമിതികളൊക്കെ ഭീമമായ നഷ്ടത്തിലാണ്. ധാരാളം കാശ് ചെലവായിട്ടുണ്ട്. ഇതൊന്ന് പരിശോധിക്കാൻ പാടശേഖര സമിതികളെ വിളിച്ചുകൂട്ടാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത് ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, പാടശേഖര സമിതികളുമായി ബന്ധപ്പെട്ട അവരുടെ യോഗം ഞാൻതന്നെ വിളിച്ചുകൂട്ടിയിട്ടുണ്ട്. ഞാനും ആർ.ഡി.ഒ.യും പങ്കെടുത്ത് കൂടിയിട്ടുണ്ട്. ഇനിയും ആവശ്യമാണെങ്കിൽ അതുമായി ബന്ധപ്പെട്ട യോഗം കൂടാവുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ചാവക്കാട് നഗരസഭയിൽ മുട്ടിൽമത്തിക്കായലിൽ കുറേ വർഷങ്ങളായി കൃഷിചെയ്യാതിരുന്ന സ്ഥലത്ത് കൃഷിക്കാരെയെല്ലാം വിളിച്ചുവരുത്തിക്കൊണ്ട് നഗരസഭ ഒരു വലിയ സംഭവം തന്നെയാക്കി. വലിയൊരു നേട്ടമാണ് അവിടെയുണ്ടായത്. നേരത്തെ ശ്രീ. പി. തിലോത്തമൻ ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരത്തിലുള്ള തദ്ദേശ

ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ സഹായങ്ങൾ നൽകുന്നതിന് അടിയന്തരമായിട്ടുള്ള പദ്ധതി പ്രഖ്യാപിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഓരോ പാടശേഖരവും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവ വിജയകരമായി പൂർത്തിയാക്കുന്നവരെ അഭിനന്ദിക്കാനും അവർക്ക് അവാർഡ് നൽകാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം നടപ്പാക്കുന്നതാണ്.

വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

3 (*423) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വൈദ്യുതി നിലയങ്ങൾക്ക് സുരക്ഷാ ഭീഷണി ഉള്ളതായി കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ;

(സി) പ്രധാന ജലവൈദ്യുതി നിലയങ്ങളിലെ സുരക്ഷാ ക്രമീകരണം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ജലവൈദ്യുത പദ്ധതികളിൽ, സന്ദർശകർക്കുള്ള പ്രവേശനത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് വൈദ്യുതി ബോർഡിൽ ഐ.ജി. റാങ്കിലുള്ള ഒരു ചീഫ് വിജിലൻസ് ഓഫീസറും ഒരു പോലീസ് സൂപ്രണ്ട്, 2 ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർ എന്നിവരടങ്ങുന്ന പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്നു. സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് സൂപ്രണ്ടും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരും സമയാസമയങ്ങളിൽ പ്രധാനപ്പെട്ട ഡാമുകളും വൈദ്യുതി നിലയങ്ങളും സന്ദർശിച്ച് സുരക്ഷാ നടപടികൾ വിലയിരുത്തിവരുന്നു.

എല്ലാ പദ്ധതി പ്രദേശങ്ങളിലും ആവശ്യത്തിന് വെളിച്ചം കിട്ടുന്ന വിധത്തിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലയങ്ങൾക്ക് മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly